# അഗ്നിയെ പേടിക്കുന്നതുപോലെ പാപത്തേയും പേടിക്കുക

**ലോ**കത്തിന്റെ ഈ സ്ഥലത്തുനിന്നുകൊണ്ടും ഖുത്ബ ഓതാനുള്ള തൗഫീഖ് കിട്ടിയത് അല്ലാഹുവിന്റെ ഔദാര്യമാണ്. ലോകത്തിന്റെ ഈ ഭാഗം ലോകത്തിന്റെ അറ്റമെന്നാണ് പറയപ്പെടുന്നത്. അതെല്ലാവർക്കുമറിയാം. ഇതിന്റെ അടിസ്ഥാനത്തിൽ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനത്തിന്റെ കാഴ്ച മറ്റൊരുരീതിയിലും നമുക്ക് കാണിച്ചുകൊണ്ടിരിക്കുകയാണ്. ഒന്ന്, അല്ലാഹു നമ്മെ കാണിച്ച, അല്ലെങ്കിൽ കാണിച്ചുകൊണ്ടിരുന്ന കാഴ്ചയാണ്. അതായത് അവിടത്തെ പ്രബോധനവും അവിടത്തെ സന്ദേശവും എം.ടി.എ. മുഖേന ലോകത്തിന്റെ അറ്റംവരെ എത്തുന്നത് നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്നു. 2005-ലെ ഖാദിയാനിലെ ജൽസയെ തുടർന്ന് ഈ വർഷത്തിന്റെ ആരംഭത്തിൽ രണ്ട് ഖുത്ബ ജുമുഅയും ഈദുൽ അസ്ഹായുടെ ഖുത്ബയും ഖാദിയാനിൽനിന്ന് നേരിട്ട് സംപ്രേഷണം ചെയ്തു. അവിടെവെച്ച് ഖുത്ബ ഓതാൻ അല്ലാഹു എനിക്ക് സൗഭാഗ്യം തന്നു. അത് ലോകത്തിന്റെ അറ്റംവരെ എം.ടി.എ മുഖേന എത്തുകയും ചെയ്തു. ഇന്ന്, ഞാൻ പറഞ്ഞതുപോലെ ലോകത്തിന്റെ അറ്റമായ ഫിജിയിലെ ഈ പട്ടണത്തിൽനിന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലോകത്തിന്റെ ബാക്കി ഭാഗങ്ങളിൽ എത്തിക്കാൻ അല്ലാഹു സാഹചര്യം ഒരുക്കിയിരിക്കുന്നു. നേരിട്ട് ഖുത്ബ സംപ്രേഷണം ചെയ്യാനുള്ള നമ്മുടെ ഈ ശ്രമം വിജയകരമായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അങ്ങനെയും ആ പ്രവചനം പുലരുന്നതു കാണാൻ അല്ലാഹു നമുക്കു തൗഫീഖ് നല്കട്ടെ. ആദ്യം ഈ സന്ദേശം ലോകത്തിന്റെ അറ്റങ്ങളോളമെത്തി. ഇപ്പോൾ ലോകത്തിന്റെ അറ്റത്തുനിന്ന് വീണ്ടും എല്ലാ ലോകത്തും അത് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

അല്ലാഹുവിന്റെ ഈ അനുഗ്രഹം നമ്മെ അവനോട് നന്ദി കാണിക്കുന്നതിനും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നതിനും കാരണമായിത്തീരേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ഇക്കാലത്തെ മസീഹും മഹ്ദിയുമാണ്. അതെല്ലാവർക്കുമറിയാം. ആ മഹാത്മാവിനെ അല്ലാഹു മസീഹും മഹ്ദിയുമാക്കി അയച്ചു. ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹും മഹ്ദിയും ആണെന്നുള്ള കാര്യം ഇന്ന് ലോകം അംഗീകരിച്ചാലും ഇല്ലെങ്കിലും ഓരോരുത്തരും വിളിച്ചുപറയുന്നതും വർത്തമാനകാലം ആവശ്യപ്പെടുന്നതും ലോകത്തെ നേരായപാതയിലൂടെ നയിക്കാൻ ഒരു പരിവർത്തനകാരിയോ ഒരു മഹ്ദിയോ ഒരു മസീഹോ ഇക്കാലത്ത് വരേണ്ടതാണെന്നാണ്. ഇന്ന് ലോകം, യഥാർത്ഥമായ നിലയിൽ അല്ലാഹുവിനെ ആരാധിക്കുന്നത് മറന്നുപോയിരിക്കുന്നു. ഒരുപാട് ദൈവങ്ങളെ മനുഷ്യർ തങ്ങളുടെയുള്ളിൽ സൃഷ്ടിച്ചിരുത്തിയിരിക്കുകയാണ്. അവയെ ഓരോരുത്തരും പൂജിച്ചുകൊണ്ടിരിക്കുന്നു. അവരെ സൃഷ്ടിച്ച സ്രഷ്ടാവിനോടുള്ള കടമ മറന്നുപോയിരിക്കുന്നു. ഇങ്ങനെ എങ്ങും തൻപ്രമാണിത്തമാണ് നടക്കുന്നത്. സ്വന്തം സഹോദരന്റെ അവകാശം പിടിച്ചെടുത്തുകൊണ്ടും തന്റെ അവകാശം നിലനിറുത്താൻ ശ്രമിക്കുന്നു. ഇന്ന് നൂറുകണക്കിന് എഴുത്തുകാർ പത്രങ്ങളിൽ എഴുതുകയും മുസ്ലിംകൾതന്നെ പറയുകയും ചെയ്യുന്നു കർമ്മമില്ല, ഇസ്ലാമിന്റെ പേരുമാത്രമേ ബാക്കിയുള്ളൂവെന്ന്. അത്തരം ഒരു കാലഘട്ടത്തിൽ എന്റെ മസീഹും മഹ്ദിയും വെളിപെടുമെന്ന് നബി(സ) തിരുമേനി പ്രവചിച്ചിരിക്കുന്ന ആ കാലം തന്നെയാണ് ഇത്. അദ്ദേഹം വന്നു. ആ മഹാത്മാവിനെ വിശ്വസിച്ച ഭാഗ്യവാന്മാരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുകയും ചെയ്തു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ നമ്മൾ വിശ്വസിച്ചാൽ മാത്രം മതിയോ? പോരാ. അവിടന്ന് വന്നതിന് ഒരുദ്ദേശ്യമുണ്ടായിരുന്നു. മനുഷ്യരുടെ ബന്ധം അവരെ സൃഷ്ടിച്ചിട്ടുള്ള ദൈവവുമായി നിലനാട്ടുക. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുക; ഈ രണ്ടു തരത്തിലുള്ള കടമകൾ നിറവേറ്റുന്നതിലൂടെ നാം നമ്മുടെ സ്രഷ്ടാവായ അല്ലാഹുവിന്റെ തൃപ്തി

കരസ്ഥമാക്കുന്നവരായിത്തീരുന്നതിനുവേണ്ടി. അങ്ങനെ ഈ ലോകത്തും അവന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നവരാവണം. മരണത്തിനുശേഷവും അവന്റെ സ്വർഗ്ഗത്തിന്റെ അനന്തരാവകാശികളാവണം. അതുകൊണ്ട് നാം അവിടത്തെ അദ്ധ്യാപനത്തിന്റെ വെളിച്ചത്തിൽ- അത് യഥാർത്ഥത്തിൽ ജനങ്ങൾ മറന്നുപോയിരിക്കുന്ന ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെതന്നെ അദ്ധ്യാപനമാണ്-ഈ ഉദ്ദേശ്യം നേടാൻ ശ്രമിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"നബിമാർ(അ) ലോകത്തു വരുന്നതിന്റെ ഏറ്റവും വലിയ ഉദ്ദേശ്യം, അവരുടെ അദ്ധ്യാപനത്തിന്റെയും പ്രബോധനത്തിന്റേയും മഹത്തായ ഉദ്ദേശ്യം, ജനങ്ങൾ അല്ലാഹുവിനെ തിരിച്ചറിയുക എന്നതാണ്. നരകത്തിലേക്കും നാശത്തിലേക്കും അവരെ കൊണ്ടുപോകുന്ന പാപപങ്കിലമായ ജീവിതത്തിന്റെ അഴുക്കുകളിൽനിന്നും മോക്ഷം പ്രാപിക്കുക എന്നതാണ്. യഥാർത്ഥത്തിൽ ഈ വലിയ ഉദ്ദേശ്യമാണ് അവരുടെ മുമ്പിലുള്ളത്. അതുകൊണ്ട്, അല്ലാഹു ഇപ്പോൾ ഒരു ജമാഅത്ത് രൂപീകരിച്ചിരിക്കുകയാണ്. അവൻ എന്നെ നിയോഗിച്ചിരിക്കുകയാണ്. ഞാൻ വന്നതിന്റെ ഉദ്ദേശ്യവും ആ നബിമാർ വന്നതിന്റെ ഉദ്ദേശ്യം തന്നെയാണ്. അതായത്, അല്ലാഹു എന്താണെന്ന് ഞാൻ പറയാനാഗ്രഹിക്കുന്നു. എന്നല്ല, നിങ്ങൾക്ക് കാണിച്ചുതരാൻ ആഗ്രഹിക്കുന്നു. പാപങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള വഴിയിലേക്ക് നിങ്ങളെ നയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. നോക്കുക, ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഏറ്റവും വലിയ ഉദ്ദേശ്യം. അതായത്, അല്ലാഹുവിനെ തിരിച്ചറിയുക. മനുഷ്യൻ അല്ലാഹുവിനെ തിരിച്ചറിയുമ്പോൾ അല്ലാഹുവിലേക്ക് അവൻ കുനിയുന്നു. നിങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവരാണ്. ബയ്അത്ത് ചെയ്തവരിൽപെട്ടവരാണ്. അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ തന്റെ വരവിന്റെ ഉദ്ദേശ്യം നിറവേറ്റുന്നുണ്ടോ എന്ന് ഓരോരുത്തരും പരിശോധിക്കുക. അല്ലാഹുവിനോടുള്ള കടമ നിറവേറ്റലാണ് ഏറ്റവും വലിയ ഉദ്ദേശ്യം. പിന്നീട് മനുഷ്യകുലത്തിനോടുള്ള കടമ നിറവേറ്റേണ്ടതാണ്. ഇതെല്ലാം ഒന്ന് മറ്റൊന്നുമായി ബന്ധപ്പെട്ടു നില്ക്കുന്നതാണ്. ഞാൻ പറഞ്ഞുവന്നതുപോലെ ആ ഉദ്ദേശ്യം നമ്മുടെ മുമ്പിൽ എപ്പോഴും ഉണ്ടാകണം. ഈ ഉദ്ദേശ്യം നമ്മൾ മുന്നിൽവയ്ക്കുമ്പോൾ അല്ലാഹുവിലേക്ക് കുനിയുന്നതിനും അവനെ ആരാധിക്കുന്നതിനും ശ്രദ്ധയുണ്ടാകുന്നതാണ്. അല്ലാഹുവിലേക്കു കുനിയുന്നതിനും അവനെ തിരിച്ചറിയുന്നതിനുമുള്ള ശ്രദ്ധ നമുക്കുണ്ടാകുന്നില്ലെങ്കിൽ, പേരിനുമാത്രമുള്ള നമ്മുടെ ബയ്അത്ത് നിഷ്പ്രയോജനമാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കിയിട്ടുള്ള ബയ്അത്തിന്റെ നിബന്ധനകൾ വായിച്ചതിനുശേഷമാണ് ഒരാൾ ബയ്അത്ത് ചെയ്യുന്നത്. നിങ്ങൾ അത് വായിക്കുകയാണെങ്കിൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ എന്താക്കിത്തീർക്കാനാണ് ആഗ്രഹിക്കുന്നതെന്ന് മനസ്സിലാകും. ഞാൻ വായിച്ച ഉദ്ധരണിയിൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ) മുജദ്ദിദായിരുന്നു മുസ്‌ലിഹായിരുന്നു എന്നാൽ നബിയല്ലായിരുന്നു എന്ന് പറയുന്ന നമ്മുടെ സഹോദരങ്ങൾക്കും മറുപടിയുണ്ട്. അവിടന്ന്, തന്റെ വരവിന്റെ ഉദ്ദേശ്യം മുൻകഴിഞ്ഞ നബിമാർ വന്നതിന്റെ ഉദ്ദേശ്യം തന്നെയാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു നുബുവ്വത്തിന്റെ പദവി നല്കിയിരിക്കുന്നു. മറ്റു പല സ്ഥലങ്ങളിലും ഹസ്റത്ത് മസീഹ് മൗഊദ്(അ) താൻ ഏതു നിലയിലുള്ള നബിയാണെന്ന് എഴുതിയിട്ടുണ്ട്. എന്തായാലും ഞാൻ വായിച്ച ഈ ഉദ്ധരണിയിൽ ഇക്കാര്യം വ്യക്തമായി. പക്ഷേ, അവിടത്തെ നുബുവ്വത്ത് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ദാസത്വത്തിൽ ലഭിച്ചതാണ്. നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ചാണ് അവിടന്ന് വന്നിട്ടുള്ളത്. അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. കാരണം അല്ലാഹു തആല നമുക്ക് നബി (സ) തിരുമേനിയുടെ സകലപ്രവചനങ്ങളും പുലർന്നു കാണാൻ തൗഫീഖ് നല്കി. നബി(സ) തിരുമേനിയോടുള്ള അനുരക്തിയിൽ സദാ ലയിച്ചിരുന്ന മസീഹ് മഹ്ദിയെ വിശ്വസിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കി. അവിടന്ന് തന്റെ ഒരു ഫാർസി കവിതയിൽ പറയുന്നു:

***ബഅ്ദ് അസ് ഖുദാ ബ ഇശ്ഖെ മുഹമ്മദ് മുഹമ്മറം***
***ഗർ കുഫ്ർ ഈ ബവദ് ബഖുദാ സഖ്ത് കാഫിറം***

അല്ലാഹുവിനുശേഷം ഞാൻ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ അനുരക്തിയിൽ മുങ്ങിയിരിക്കുകയാണ്. നബി(സ) തിരുമേനിയോടുള്ള എന്റെ ഈ സ്നേഹം കുഫ്ർ ആണെങ്കിൽ അല്ലാഹുവാണ, ഞാൻ കൊടുംകാഫിറാണ്.

ഇതാണ് അല്ലാഹുവിനോടും റസൂലിനോടുമുള്ള അനുരക്തിയിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനം. ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കുന്നുവെന്ന് വാദിക്കുന്ന

നമ്മൾ, യഥാർത്ഥ അഹ്മദീ എന്ന് പറയപ്പെടുന്നത് നമ്മളും നമ്മെ സൃഷ്ടിച്ച അല്ലാഹുവിനേയും അവസാന നിയമപ്രമാണവുമായി വന്ന അവന്റെ നബിയേയും സ്നേഹിക്കുന്നവരാകുമ്പോഴാണ്. ഈ സ്നേഹത്തിന്റെ ഉന്നതമായ നില നമുക്കും ലഭിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക. നമ്മൾ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സകല കല്പനകളുമനുസരിച്ച് ജീവിക്കുമ്പോഴാണ് അത് നിവർത്തിയാകുന്നത്.

അവിടന്ന് പറയുന്നു: "മനുഷ്യൻ എപ്പോഴും തന്റെ കാര്യം അല്ലാഹുവിനോട് നിർമ്മലമാക്കി വയ്ക്കാത്തിടത്തോളംകാലം, ആ രണ്ട് കടമകളും നിറവേറ്റാത്തിടത്തോളംകാലം ഒന്നും നടക്കുകയില്ല. ഞാൻ പറഞ്ഞതുപോലെ കടമകളും രണ്ടു തരത്തിലുണ്ട്. ***ഹുഖൂഖുല്ലാഹ്*** അതായത് അല്ലാഹുവിനോടുള്ള കടമ. ***ഹുഖൂഖുൽഇബാദ്*** അതായത് മനുഷ്യകുലത്തോടുള്ള കടമ. ഹുഖൂഖുൽഇബാദും രണ്ടുതരത്തിലുണ്ട്. ഒന്ന് ദീനീസഹോദരനോടുള്ള കടമ. അതായത്, അഹ്മദികൾ പരസ്പരം അവരുടെ കടമകൾ നിറവേറ്റേണ്ടതാണ്. മുസ്ലിംകളോടുള്ള കടമ നിറവേറ്റേണ്ടതാണ്. അവർ സഹോദരനാവട്ടെ, പിതാവാകട്ടെ, മകനാവട്ടെ. ഇവരിലെല്ലാം ഒരു ദീനീപരമായ സഹോദരബന്ധമുണ്ട്. (അതായത് ദീനിന്റെ ബന്ധം. സഹോദരനും സഹോദരനും തമ്മിലുള്ള ബന്ധമാണ്) രണ്ട്, മനുഷ്യകുലത്തോട് മൊത്തത്തിലുള്ള നിഷ്ക്കളങ്കമായ സഹതാപമാണ്. അതായത്, മുസ്ലിംകളല്ലാത്ത, മറ്റ് ഏത് മതങ്ങളുമായി ബന്ധംവയ്ക്കുന്ന ആളായാലും അവരോടുള്ള കടമ നിറവേറ്റലാണ്. അത് ഏത് കക്ഷിയാണെങ്കിലും വേണ്ടില്ല, അവരോടെല്ലാം നിഷ്ക്കളങ്കമായ സഹതാപം കാണിക്കണം. അല്ലാഹുവിനോടുള്ള കടമയിൽ ഏറ്റവും മികച്ചുനില്ക്കുന്നത് അവനെ ആരാധിക്കുക എന്നതാണ്. ഈ ആരാധന ഏതെങ്കിലും വ്യക്തിപരമായ ലക്ഷ്യത്തിലധിഷ്ഠിതമായിരിക്കരുത്. എന്നല്ല, സ്വർഗ്ഗവും നരകവും ഇല്ലെങ്കിൽതന്നെ, അപ്പോഴും അവനെ ആരാധിക്കേണ്ടതാണ്. സൃഷ്ടികൾക്ക് അവരുടെ സ്രഷ്ടാവിനോടു ഉണ്ടായിരിക്കേണ്ട ആ വ്യക്തിഗതമായ സ്നേഹത്തിൽ, ഒരു വ്യത്യാസവും വരാൻപാടില്ല. അതുകൊണ്ട്, ആ കടമകളിൽ സ്വർഗ്ഗവും നരകവും ഒരു പ്രശ്നമാകാൻ പാടില്ല. മനുഷ്യകുലത്തോടു സഹതാപം കാണിക്കുന്നതിനെ സംബന്ധിച്ചുള്ള എന്റെ മതം, ശത്രുവിനു വേണ്ടി ദുആ ചെയ്യാത്തിടത്തോളംകാലം പൂർണ്ണമായ നിലയിൽ നെഞ്ചകം വൃത്തിയാകുകയില്ല എന്നതാണ്. ***ഉദ്ഊനീ അസ്തജിബ്ലക്കും*** എന്നതിൽ ശത്രുവിനുവേണ്ടി ദുആ ചെയ്താൽ സ്വീകരിക്കുകയില്ലെന്നുള്ള നിബന്ധനയൊന്നും അല്ലാഹു വെച്ചിട്ടില്ല."

ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മോടു പറഞ്ഞതുപോലെ, നാം രണ്ട് കടമകളും നിറവേറ്റുക. ഒന്ന് അല്ലാഹുവിനോടുള്ള കടമ. രണ്ട് സമസൃഷ്ടികളോടുള്ള കടമ. അല്ലാഹുവിനോടുള്ള കടമയെ സംബന്ധിച്ച് അവിടന്ന് പറഞ്ഞു: അല്ലാഹുവിനോടുള്ള ഏറ്റവും വലിയ കടമ അവനെ ആരാധിക്കുക എന്നതാണ്. പ്രതിഫലേച്ഛ കൂടാതെ ആരാധിക്കുക. ബുദ്ധിമുട്ടിലും വിഷമങ്ങളിലും അകപ്പെടുമ്പോൾ അല്ലാഹുവിനെ സ്മരിക്കാൻ തുടങ്ങുകയും സമൃദ്ധിയുടേയും ഐശ്വര്യത്തിന്റേയും കാലം വരുമ്പോൾ ആ ഭാഗത്തേക്ക് ചിന്തിക്കാതെ ഇരിക്കുകയും നമ്മെ സൃഷ്ടിക്കുകയും എല്ലാ അനുഗ്രഹവും നല്കുകയും ചെയ്ത ഒരു അല്ലാഹു നമുക്കുണ്ടെന്നുള്ള വിചാരംപോലും ഉണ്ടാകാതിരിക്കുകയും ചെയ്യുക എന്നതല്ല.

അതുകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്ന കാര്യത്തിൽ എപ്പോഴും ശ്രദ്ധ ചെലുത്തുക. ആരാധനയുടെ ഏറ്റവും ഉത്തമമായ രീതി അല്ലാഹു നമുക്ക് പറഞ്ഞുതന്നത് അഞ്ചുനേര നിസ്കാരമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***ഇന്നനീ അനല്ലാഹു ലാ ഇലാഹ ഇല്ലാ അന ഫഅ്ബുദ്നീ വ അഖിമിസ്സലാത്ത ലി ദിക്രീ***

ഞാൻ തന്നെയാണ് അല്ലാഹു. ഞാനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അതിനാൽ എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിനുവേണ്ടി നിസ്കാരം നിലനിറുത്തുകയും ചെയ്യുക. (*20:15*)

തന്നെ ആരാധിക്കുന്നതും തന്നെ സ്മരിക്കുന്നതും നിസ്കാരം നിലനിറുത്തുന്നതിലൂടെ മാത്രമായിരിക്കും എന്ന് അല്ലാഹു വ്യക്തമായി പറഞ്ഞിരിക്കുന്നു. നിസ്കാരം നിലനിറുത്തുക എന്നതിന്റെ അർത്ഥം നിത്യവും അഞ്ചുനേരം കൃത്യമായി നിസ്കരിക്കുക എന്നതാണ്. ജമാഅത്തായിട്ട് നിസ്കരിക്കണമെന്ന് പുരുഷന്മാരോടു കല്പിച്ചിരിക്കുന്നു. സ്ത്രീകൾക്ക് വീട്ടിൽ നിസ്കരിക്കാവുന്നതാണ്. നിസ്കാരം ഉപേക്ഷിക്കുന്നവരുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാകും എന്നു വരെ അല്ലാഹു പറഞ്ഞിരിക്കുന്നതിൽനിന്ന് അതിന്റെ പ്രാധാന്യം മനസ്സിലാക്കാം. അതുകൊണ്ട് ഓരോ അഹ്മദിയും തങ്ങളുടെ നിസ്കാരത്തെ കൂടുതൽ സംരക്ഷിക്കേണ്ടതാണ്. ഏതവസ്ഥയിലാണെങ്കിലും നിസ്കാരത്തിലേക്ക് പ്രത്യേകമായ നില

യിൽ ശ്രദ്ധിക്കുക. നിങ്ങൾ നിസ്കരിക്കുന്നവരാണെങ്കിൽ, അല്ലാഹുവിനോട് നിങ്ങൾക്ക് നേരിട്ട് ബന്ധമുണ്ടാകും; അപ്പോൾ നിങ്ങൾക്ക് മറ്റൊരു ജപത്തിന്റേയും ആവശ്യമില്ല. നിത്യസ്തോത്രത്തിന്റേയും ആവശ്യമില്ല. ഏതെങ്കിലും പീർ ഫക്കീറിന്റെയടുക്കൽ പോകേണ്ട ആവശ്യവുമില്ല. നിസ്കാരത്തെ ത്തന്നെ നിങ്ങളുടെ ജപവും നിത്യസ്തോത്രവുമാക്കുക. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു. കുഫ്ർ അഥവാ സത്യനിഷേധത്തിന്റേയും ഈമാൻ അഥവാ സത്യവിശ്വാസത്തിന്റേയുമിടയിൽ വ്യത്യാസം കല്പിക്കുന്ന കാര്യം നിസ്കാരം ഉപേക്ഷിക്കലാണ്. അതായത്, ആരാണോ നിസ്കരിക്കാത്തത് അവൻ മുഅ്മിൻ അഥവാ സത്യവിശ്വാസിയല്ല. അല്ലാഹുവിന്റെ കല്പനയനുസരിച്ച് നിങ്ങളുടെ നിസ്കാരത്തെ കൂടുതൽ സംരക്ഷിക്കുക. ഇത് അവൻ നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“മനുഷ്യന്റെ ധർമ്മനിഷ്ഠാപരമായ ജീവിതത്തിന്റെ ഏറ്റവും വലിയ മാനദണ്ഡം നിസ്കാരമാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ സദാ വിലപിച്ചുകൊണ്ടിരിക്കുന്നവൻ സമാധാനത്തിലായിരിക്കും. (പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവൻ സമാധാനത്തിലായിരിക്കും) കുട്ടി തന്റെ ഉമ്മയുടെ മടിയിൽ വാവിട്ടുകരയുമ്പോൾ, തന്റെ ഉമ്മയുടെ സ്നേഹവും വാത്സല്യവും അനുഭവിക്കുന്നതുപോലെ. ഇപ്രകാരം നിസ്കാരത്തിൽ കരയുകയും വിലപിക്കുകയും ചെയ്യുമ്പോൾ അവൻ തന്നത്താൻ അല്ലാഹുവിന്റെ സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും മടിയിൽതന്നെയിടുകയാണ് ചെയ്യുന്നത്. നിസ്കാരത്തിൽ രുചി ആസ്വദിക്കാത്തവൻ ഈമാനിന്റെ രുചി ആസ്വദിച്ചിട്ടില്ല എന്ന കാര്യം ഓർമ്മിച്ചുകൊള്ളുക. (നിസ്കരിക്കുമ്പോൾ രുചി ഉണ്ടാകണം. അപ്പോഴാണ് ഈമാനിന്റെ രുചി അറിയാൻ കഴിയുന്നത്) നിസ്കാരം വെറും നെറ്റി നിലത്തു മുട്ടിക്കുന്നതിന്റെ പേരല്ല. ചിലയാളുകൾ കോഴി ധാന്യം കൊത്തിപ്പെറുക്കുന്നതുപോലെ നിസ്കാരം അവസാനിപ്പിക്കുകയും അതിനുശേഷം ദീർഘദീർഘമായി ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ തങ്ങളുടെ കാര്യങ്ങൾ സമർപ്പിക്കാൻ കിട്ടിയ സമയം ഒരു ചടങ്ങായി പെട്ടെന്ന് പെട്ടെന്ന് അവസാനിപ്പിക്കുകയും, തിരുസന്നിധിയിൽനിന്ന് പുറത്തുവന്നതിനുശേഷം ദുആ ചെയ്യുകയുമാണ് അവർ ചെയ്യുന്നത്. നിസ്കാരത്തിൽ ദുആ ചെയ്യുക. നിസ്കാരത്തെ ദുആയുടെ മധ്യവർത്തിയും മാർഗ്ഗവുമായി മനസ്സിലാക്കുക. ഫാതിഹ എന്ന വാക്ക് ജയിച്ചടക്കുന്നതിനും പറയും. സൂറഃഫാതിഹ സത്യവിശ്വാസിയെ സത്യവിശ്വാസിയും സത്യനിഷേധിയെ സത്യനിഷേധിയുമാക്കിത്തീർക്കുന്നു. അതായത്, രണ്ടിലും ഒരു വ്യത്യാസമുണ്ടാക്കുന്നു. ഹൃദയത്തെ തുറക്കുകയും നെഞ്ചകത്തിൽ ഒരു വിശാലതയുണ്ടാക്കുകയും ചെയ്യുന്നു. (മനുഷ്യന്റെ മനസ്സിൽ ഒരു പ്രകാശം ഉണ്ടാക്കുന്നു) അതുകൊണ്ട് സൂറഃ ഫാതിഹ ആവർത്തിച്ചാവർത്തിച്ച് ഓതേണ്ടതാണ്. ഈ ദുആയിൽ നല്ല വണ്ണം ചിന്തിക്കേണ്ടതാണ്. മനുഷ്യൻതന്നെ പൂർണ്ണനായ അപേക്ഷകനും ആശ്രിതത്വത്തിൽനിന്ന് മോചനം നേടുന്നവനുമാക്കേണ്ടതാണ്. അതായത്, ഏതെങ്കിലും കാര്യം സാധിച്ചെടുക്കേണ്ടത് വളരെ അത്യാവശ്യമാണെന്നപോലെ, അതിന്റെ പിന്നാലെ കൂടുക. ഭിക്ഷക്കാരൻ ചിലപ്പോൾ തന്റെ ഭാവങ്ങൾകൊണ്ടും, ചിലപ്പോൾ തന്റെ ശബ്ദംകൊണ്ടും മറ്റുള്ളവരിൽ ദയയുണ്ടാക്കുന്നു. ഇപ്രകാരം, തികഞ്ഞ സങ്കടത്തോടും വിലാപത്തോടുംകൂടി അല്ലാഹുവിന്റെ മുന്നിൽ കാര്യങ്ങൾ ബോധിപ്പിക്കുക. വിനയത്തോടും വണക്കത്തോടുംകൂടി നിസ്കാരം അനുഷ്ഠിക്കാത്തിടത്തോളം കാലം, ദുആ ചെയ്യുന്നതിനായി നിസ്കാരത്തെ മാർഗ്ഗമാക്കാത്തിടത്തോളംകാലം, നിസ്കാരത്തിൽ രുചി എവിടെന്നുണ്ടാകാനാണ്? ഈ നിലയാണ് നാം കരസ്ഥമാക്കേണ്ടത്.

ആത്മപരിശോധന നടത്തുക. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം ഇത്തരം കാര്യങ്ങൾ നമ്മളിൽ ഉണ്ടായിട്ടുണ്ടോ എന്ന് നോക്കുക. ഈ നില നാം കരസ്ഥമാക്കിയിട്ടുണ്ടോ? ഞാൻ പറഞ്ഞതുപോലെ, നിസ്കരിക്കുന്നതിനും ദുആ ചെയ്യുന്നതിനും പകരം ചിലയാളുകൾ വിവിധ ജപങ്ങളുടെ പിന്നാലെ കൂടിക്കൊണ്ടിരിക്കുന്നു. ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “ജപങ്ങളെ നാം അംഗീകരിക്കുന്നില്ല; മറിച്ച്, ദുആ ചെയ്യേണ്ടതാണ്. അത് സ്വന്തം ഭാഷയിലാണെങ്കിലും വേണ്ടില്ല. വ്യാകുലചിത്തനായും ഉത്സാഹത്തോടുംകൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയേണ്ടതാണ്. സർവ്വശക്തനും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിർത്തുന്നവനുമായ അല്ലാഹു എല്ലാ കാര്യങ്ങളും നിർവ്വഹിച്ചുതരാൻ കഴിവുള്ളവനാണെന്ന ചിന്തയോടെ ദുആ ചെയ്യേണ്ടതാണ്. ഈ അവസ്ഥയുണ്ടായാൽ പാപം ചെയ്യാൻ തന്റേടം കാണിക്കുകയില്ല. ഇങ്ങനെ നിസ്കരിക്കുകയും ആരാധിക്കുകയും

ചെയ്യുമ്പോൾ പാപങ്ങളിൽനിന്നും മനുഷ്യൻ അകന്നകന്നുപോകുന്നതാണ്. ദോഷങ്ങൾ ഉപേക്ഷിക്കുകയും ചെയ്യും. ഏതുപോലെ മനുഷ്യൻ അഗ്നിയേയും അല്ലെങ്കിൽ നാശകാരിയായ മറ്റു വസ്തുക്കളേയും ഭയപ്പെടുന്നുവോ അതുപോലെ പാപങ്ങളേയും ഭയപ്പെടേണ്ടതാണ്. അല്ലാഹു പാപം ചെയ്യുന്നവരെ ശിക്ഷിക്കുമെന്ന കാര്യത്തിലും ഭയപ്പെടേണ്ടതാണ്. ഈ ഭയമുണ്ടെങ്കിൽ നാം രക്ഷപ്പെടുന്നതാണ്. പാപപങ്കിലമായ ജീവിതം മനുഷ്യന് ലോകത്ത് ശരീരധാരിയായ നരകമാണ്. അതിന്റെമേൽ ദൈവകോപത്തിന്റെ വിഷക്കാറ്റടിക്കുന്നു. അങ്ങനെ അതിനെ നശിപ്പിക്കുന്നു. അഗ്നിയെ മനുഷ്യൻ പേടിക്കുന്നതുപോലെ പാപത്തേയും ഭയപ്പെടേണ്ടതാണ്. കാരണം ഇതും ഒരു തരം അഗ്നിയാണ്. നിസ്കാരത്തിൽ കരഞ്ഞുകരഞ്ഞ് ദുആ ചെയ്യുകയെന്നതാണ് നമ്മുടെ മതം; അല്ലാഹു നിങ്ങളുടെമേൽ അവന്റെ അനുഗ്രഹത്തിന്റെ കാറ്റു വീശാൻ വേണ്ടി. നമുക്ക് എപ്രകാരം ഇസ്തിഗ്ഫാർ ആവശ്യമാണോ അപ്രകാരം എല്ലാ നബിമാർക്കും അതാവശ്യമായിരുന്നു. ഖാത്തമുന്നബിയ്യീൻ(സ) ഇതിന് സാക്ഷിയാണ്. ആ മഹാത്മാവിനെക്കാൾ മാതൃകയാവാൻ ആർക്കാണ് കഴിയുക? നബി(സ) തിരുമേനി തന്നെയും ഇസ്തിഗ്ഫാർ ചെയ്യാറുണ്ടായിരുന്നു. അവിടന്ന് ഇങ്ങനെ ഇസ്തിഗ്ഫാർ ചെയ്തിട്ടുണ്ടെങ്കിൽ നാം എത്രമാത്രം ഇസ്തിഗ്ഫാർ ചെയ്യണം. അതുകൊണ്ട് നബി(സ) തിരുമേനി സ്ഥാപിച്ച ഈ സുന്നത്ത്- അതായത്, നിസ്കരിക്കുകയും അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും അവന്റെ മുമ്പിൽ കരഞ്ഞുകരഞ്ഞ് വിലപിക്കുകയും ചെയ്യുക എന്ന സുന്നത്ത്, ചിലപ്പോൾ അവിടന്ന് സുജൂദിൽ ദുആ ചെയ്യുമ്പോൾ വെള്ളം തിളയ്ക്കുന്ന ശബ്ദംപോലെ ഏങ്ങലടിയുടെ ശബ്ദം കേൾക്കാമായിരുന്നു എന്ന് നിവേദനത്തിൽ വന്നിട്ടുണ്ട്- ഈ സുന്നത്തിനെ നാം എത്രമാത്രം ഗൗരവത്തോടെ നോക്കിക്കാണേണ്ടതാണ്. അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ എത്രമാത്രം ദുആ ചെയ്യേണ്ടതാണ്.

പിന്നീട് വലിയൊരു കടമയായി നമ്മളിൽ ഏല്പിച്ചിട്ടുള്ളത് ജമാഅത്ത് വ്യവസ്ഥിതിയെ അനുസരിക്കുക എന്നതാണ്. നിസ്കരിക്കാൻ പറഞ്ഞതിനുശേഷം സക്കാത്ത് കൊടുക്കാനും റസൂലിനെ അനുസരിക്കാനും അല്ലാഹു പറയുന്നു.

***വഅഖീമുസ്സ്വലാത്ത വ ആതുസ്സക്കാത്ത വ അത്തീഉർ റസൂല ലഅല്ലക്കും തുർഹമൂൻ.*** നിങ്ങൾ നിസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക; നിങ്ങളുടെമേൽ കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി. (*24:57*)

ഈ വചനത്തിന് മുമ്പേ വന്ന വചനത്തിൽ ഖിലാഫത്ത് നൽകുമെന്ന് അല്ലാഹു സത്യവിശ്വാസികളോട് വാഗ്ദാനം ചെയ്തിരിക്കുന്നു. ആരാധിക്കുന്നവരും സൽകർമ്മങ്ങൾ ചെയ്യുന്നവരുമായവരോട് ഖിലാഫത്ത് നല്കുമെന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ആരാധിക്കുന്നവരും സൽകർമ്മങ്ങൾ ചെയ്യുന്നവരുമാരാണ്. അവരെക്കുറിച്ചാണ് പറഞ്ഞത് അവർ നിസ്കാരം നിലനിർത്തുന്നവരും അതിലേക്ക് ശ്രദ്ധിക്കുന്നവരും സക്കാത്ത് കൊടുക്കുന്നവരും റസൂലിനെ അനുസരിക്കുന്നവരുമാണെന്ന്. അല്ലാഹുവിനുവേണ്ടി ചെയ്യപ്പെടുന്ന ധനത്യാഗവും ആരാധനയാണ്. അല്ലാഹു വിശുദ്ധഖുർആനിൽ അസംഖ്യം സ്ഥലങ്ങളിൽ നിസ്കരിക്കാൻ പറഞ്ഞതിനോടൊപ്പം ധനത്യാഗം ചെയ്യാനും പറഞ്ഞിരിക്കുന്നു. ഇന്ന് നിങ്ങൾ നോക്കുകയാണെങ്കിൽ സക്കാത്തിന്റെ വ്യവസ്ഥിതിയെ സ്ഥാപിച്ചിട്ടുള്ളതും അല്ലാഹുവിനുവേണ്ടി ധനത്യാഗം ചെയ്യുന്നതും അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്ന് കാണാം. ഇതിൽ ഖിലാഫത്തിന്റെ വ്യവസ്ഥിതിയും നിലവിലുണ്ട്. അതുകൊണ്ട് ഈ വ്യവസ്ഥിതിയുടെ ഫലത്തിൽനിന്ന് നിങ്ങൾ ഫലമെടുക്കാൻ യഥാർത്ഥവും തികവാർന്നതുമായ നിലയിൽ നബി(സ) തിരുമേനിയെ പിൻപറ്റുക. ഇക്കാലത്ത് നബി(സ) തിരുമേനിയുടെ പ്രതിനിധിയും അവിടത്തെ സത്യസന്ധനായ പ്രേമിയുമായ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. വാഗ്ദത്ത മസീഹിന് ബയ്അത്ത് ചെയ്തുകൊണ്ട് നമ്മൾ നബി(സ)നെ ഒരുവിധത്തിൽ അനുസരിച്ചു കഴിഞ്ഞിരിക്കുന്നു. എന്റെ മസീഹും മഹ്ദിയും വന്നാൽ മഞ്ഞുകട്ടയുടെ മുകളിലൂടെ ഇഴഞ്ഞുപോകേണ്ടിവന്നാലും നിങ്ങൾ പോയി അദ്ദേഹത്തിന് ബയ്അത്ത് ചെയ്യണമെന്നും എന്റെ സലാമെത്തിക്കണമെന്നും നബി(സ) പറഞ്ഞ വസിയ്യത്ത് നാം സ്വീകരിച്ചു. ആ മഹാത്മാവിന് നാം തിരുനബിയുടെ സലാമെത്തിച്ചു. അതിന് അല്ലാഹു നമുക്കനുഗ്രഹം നൽകി. അങ്ങനെ നിങ്ങളുടെ ഈ നാടുവരെ അഹ്മദിയ്യത്തിന്റെ സന്ദേശമെത്തി. നിങ്ങളും അഹ്മദിയ്യത്ത് സ്വീകരിച്ചു. പക്ഷേ, ഞാൻ മുമ്പും പറഞ്ഞതുപോലെ ഇത്രയും മാത്രം ചെയ്താൽ പോരാ. മറിച്ച്,നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റവുമുണ്ടാക്കണം. ഖിലാഫത്തിലും വ്യവസ്ഥിതിയിലും ജമാ

അത്തുമായി ബന്ധം വയ്ക്കുകയും വേണം. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളനുസരിച്ച് സമസൃഷ്ടികളോടുള്ള കടമയും നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. ഇതുസംബന്ധമായി വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ഉദ്ധരണി കേൾപ്പിക്കാം. അവിടന്ന് പറയുന്നു: "ഞാൻ സത്യമായും സത്യമായും പറയുന്നു. ഇതൊരു ആഘോഷമാണ്. അത് അല്ലാഹു ഭാഗ്യവാന്മാർക്കുവേണ്ടി സംഘടിപ്പിച്ചിരിക്കുന്നു. അതായത് ആരുടെയുള്ളിലാണോ നന്മകളുള്ളത് അവർക്കായി സന്തോഷത്തിന്റെ ഒരവസരം അവൻ സൃഷ്ടിച്ചിരിക്കുന്നു. ഇതിൽനിന്ന് ഫലമെടുക്കുന്നവരാണ് അനുഗ്രഹീതർ. ഞാനുമായി ബന്ധം സ്ഥാപിച്ചിട്ടുള്ള നിങ്ങൾ എന്തൊന്ന് നിങ്ങൾ പ്രാപിക്കണമായിരുന്നുവോ അത് പ്രാപിച്ചുകഴിഞ്ഞു എന്നതിൽ പൊങ്ങച്ചം കാണിക്കരുത്. സത്യത്തെ നിഷേധിച്ചുകൊണ്ട് അല്ലാഹുവിന്റെ വെറുപ്പ് സമ്പാദിച്ചകന്നുപോയവരെക്കാൾ നിങ്ങൾ അല്ലാഹുവിനോട് അടുത്തവരാണെന്നത് സത്യം തന്നെയാണ്. (അതായത്, മസീഹ് മൗഊദ്(അ)നെ നിഷേധിച്ചുകൊണ്ട് അല്ലാഹുവിന്റെ വെറുപ്പിന്നിരയായവരേക്കാൾ നിങ്ങൾ അല്ലാഹുവിനോട് സാമീപ്യം പ്രാപിച്ചവരാണ്) സദുദ്ദേശ്യത്തോടെ പ്രവർത്തിച്ചുകൊണ്ട് അല്ലാഹുവിന്റെ കോപത്തിൽനിന്ന് രക്ഷപ്പെടുന്നതിനായി നിങ്ങൾ ചിന്തിച്ചു എന്നതും ശരിതന്നെയാണ്. അല്ലാഹു ഇക്കാലത്ത് അനശ്വരമായ ജീവിതം പ്രാപിക്കുന്നതിന് സൃഷ്ടിച്ച ആ നീരുറവിന്റെ അരികിൽ നിങ്ങളെത്തിയിട്ടുണ്ട്. ഇനി ആ വെള്ളം പാനം ചെയ്യണം. അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്നും ഔദാര്യത്തിൽനിന്നും നിങ്ങൾ ഭാഗ്യം നേടുക; അവൻ നിങ്ങളെ വയറുനിറയെ കുടിപ്പിക്കാൻ വേണ്ടി. (അതായത്, ആ ജീവജലം കുടിക്കാൻ സൗഭാഗ്യമുണ്ടാകാൻ വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. ആ നീരുറവിന്റെ അടുത്തിരുന്നാൽ മാത്രം പോരാ.) കാരണം അല്ലാഹുവിനെ കൂടാതെ ഒന്നും സംഭവിക്കുന്നില്ല. ആരാണോ ഈ ഉറവിൽനിന്ന് കുടിക്കുന്നത് അവൻ നശിക്കുകയില്ലെന്നത് ഉറപ്പാണ്. കാരണം ഈ ജലം ജീവൻ പ്രദാനം ചെയ്യുന്നു."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനം ഇസ്ലാമികാദ്ധ്യാപനമാണ്. വിശുദ്ധഖുർആൻ അനുസരിച്ചുള്ള പ്രവർത്തനം, ജീവിതം പ്രദാനം ചെയ്യുന്ന ജലമാണ്. നാശത്തിൽനിന്ന് അത് രക്ഷിക്കുന്നു. ശയ്ത്താന്റെ ആക്രമണങ്ങളിൽനിന്നും അത് സംരക്ഷിക്കുന്നു. ആ ഉറവിൽനിന്ന് കുടിക്കേണ്ട രീതി എങ്ങനെയാണ്? അല്ലാഹു നിങ്ങളെ ഏല്പിച്ചിട്ടുള്ള ആ രണ്ട് കടമകൾ നിറവേറ്റുക എന്നതാണത്. അതിനെ പൂർണ്ണമായും നിറവേറ്റുക. അതിലൊന്ന് അല്ലാഹുവിനുള്ള അവകാശമാണ്. മറ്റൊന്ന് സമസൃഷ്ടികൾക്കുള്ള അവകാശമാണ്. അല്ലാഹുവിന്റെ സൃഷ്ടികളുടെ അവകാശമെന്താണ്? പരസ്പരം സത്യമായ സഹതാപത്തോടുകൂടി വർത്തിക്കുക, ഹദീസിൽ വന്നിരിക്കുന്നു, മുസ്ലിംകൾ ഒരൊറ്റ ശരീരത്തിന്റെ അവയവങ്ങൾ പോലെയായിരിക്കേണ്ടതാണ്. ശരീരത്തിന്റെ ഒരുഭാഗത്ത് ബുദ്ധിമുട്ടനുഭവപ്പെട്ടാൽ മുഴുവൻ ശരീരത്തേയും അത് ബാധിക്കുന്നു. ജമാഅത്തിലെ ഓരോ അംഗവും, ഓരോ അഹ്മദിയും ഇപ്രകാരം തങ്ങളുടെ ഉള്ളിൽ ഒരാൾ മറ്റൊരാളുടെ വിഷമം അനുഭവിച്ചറിയണം. ഒരാൾക്ക് ബുദ്ധിമുട്ടുണ്ടായാൽ അത് എല്ലാവരിലേക്കും വ്യാപിക്കണം. ഇപ്രകാരം പരസ്പരം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരായിത്തീരുമ്പോൾ ആരെയെങ്കിലും തന്നെക്കാൾ താണവനായി കരുതാനേ പറ്റുകയില്ല. ഏതെങ്കിലും അഹ്മദിയോട് വൈരാഗ്യം ഉണ്ടാവുകയില്ല. വെറുപ്പും ഉണ്ടാവുകയില്ല. ആരെക്കുറിച്ചും പരാതിയുമുണ്ടാവുകയില്ല. പരസ്പരം ബന്ധം വളർത്തേണ്ടതുള്ളതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) അതിന് പരിധി നിർണ്ണയിച്ചിട്ടില്ല. മറിച്ച്, നിങ്ങളുടെ ശത്രുക്കളോടുപോലും അല്ലെങ്കിൽ നിങ്ങളോട് വെറുപ്പ് കാണിക്കുന്നവരോടുപോലും സഹതാപത്തോടെ പെരുമാറേണ്ടതാണ്. സഹതാപം കാണിക്കുന്നതിനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം അവർക്കുവേണ്ടി ദുആ ചെയ്യുക എന്നതാണ്. നിങ്ങളെ ബുദ്ധിമുട്ടിക്കുന്നവർക്കായും നിങ്ങളുടെ മനസ്സ് ശുദ്ധമാക്കിവെക്കണം. ഇങ്ങനെ നിങ്ങൾ ചെയ്യുമ്പോൾ യഥാർത്ഥമായ നിലയിൽ റസൂലിനെ അനുസരിക്കുന്നവരായിത്തീരും. ഇതുസംബന്ധമായി അല്ലാഹുവിന്റെ റസൂലിന്റെ ഈ നിർദ്ദേശം എപ്പോഴും നമ്മൾ ഓർമ്മവയ്ക്കേണ്ടതാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. മുആദ്ബിൻ അനസ്(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു. ഏറ്റവും വലിയ ശ്രേഷ്ഠത, ബന്ധം വിച്ഛേദിക്കുന്നവനുമായി ബന്ധം സ്ഥാപിക്കുക എന്നതാണ്. നിനക്ക് തരാത്തവന് നീ കൊടുക്കുക. നിന്നെ ചീത്തപറയുന്നവന് മാപ്പ് കൊടുക്കുക." ഇതാണ് അല്ലാഹുവിന്റെ റസൂലിന്റെ കല്പന. ഇതിലൂടെ നടക്കുന്നതിനെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഇത്തരം രീതി നാം സ്വായത്തമാക്കുമ്പോൾ ജമാഅത്തിലും ചുറ്റുപാടിലും മാപ്പു കൊടുക്കുന്ന

അന്തരീക്ഷം സൃഷ്ടിക്കുന്നവരാകും. അതായത്, പരസ്പരം മാപ്പുകൊടുക്കുന്നവരായിത്തീരും. ഇതിന്റെ ഫലമായി സകല കലഹങ്ങളും കുഴപ്പങ്ങളും അവസാനിക്കുന്നതാണ്. പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതിനായി വിനയം കൈക്കൊള്ളുവാനും അല്ലാഹുവിന്റെ റസൂൽ കല്പിക്കുന്നു. കാരണം അഹങ്കാരം അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി എന്നോട് പറഞ്ഞു. ആയിശ, നീ വിനയം കൈക്കൊള്ളുക. കാരണം വിനയം കൈക്കൊള്ളുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയും അഹങ്കരിക്കുന്നവരെ അവൻ വെറുക്കുകയും ചെയ്യുന്നു.

ഈ കല്പനയനുസരിച്ച് നാം പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുമൊപ്പം സമൂഹത്തിൽ ശാന്തിയുടേയും സമാധാനത്തിന്റേയും വിളവ് ഇറക്കുന്നവരായി തീരുകയും ചെയ്യും. കുടുംബത്തിന്റെയോ ഗോത്രത്തിന്റേയോ പൊങ്ങച്ചം ആർക്കും ഉണ്ടാകാൻ പാടില്ല. എല്ലാ മനുഷ്യരും അല്ലാഹുവിന്റെ സൃഷ്ടികളാണ്. പരസ്പരം ബഹുമാനിക്കുകയും ആദരിക്കുകയും മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താതിരിക്കുകയും ചെയ്യുക. ഇതൊക്കെയാണ് എല്ലാതരം ശത്രുതയും അവസാനിപ്പിക്കുന്നത്. ഓർമ്മിക്കുക, അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതിന് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയേണ്ടത് ആവശ്യമാണ്. നിങ്ങളുടെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള ഭയം ഉണ്ടാകുന്നതിനായി അവനോട് പ്രാർത്ഥിക്കുക. അല്ലാഹു ഉണ്ടെന്നുള്ള ബോധം എപ്പോഴും നമുക്കുണ്ടാവുകയും ആ ചിന്തയോടുകൂടി അവന്റെ മുമ്പിൽ നില്ക്കുകയും ചെയ്യേണ്ടവരാണ് നാം. പിന്നീട് നമ്മുടെ കണക്കെടുപ്പും നടക്കേണ്ടതുണ്ട്. ഈ ബോധം ഓരോ ഹൃദയത്തിലും നിലനില്ക്കുകയാണെങ്കിൽ ആ ഹൃദയം അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതായിരിക്കും. സമസൃഷ്ടികളോടുള്ള കടമകളും നിറവേറ്റുന്നതായിരിക്കും. ഒരഹ്മദിയുടെ മനസ്സിൽ ഞാൻ പറഞ്ഞതുപോലെ ഈ ബോധം എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൻ കീഴിൽ വന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഒരഹ്മദിയും അഹ്മദിയല്ലാത്തവനും തമ്മിൽ ആരാധനകളുടെ അടിസ്ഥാനത്തിലും മറ്റുള്ളവരോടുള്ള കടമ നിറവേറ്റുന്നതിന്റെ അടിസ്ഥാനത്തിലും വ്യക്തമായ ഒരു വ്യത്യാസം ഉണ്ടാകേണ്ടതാണ്. അത് ബാഹ്യമായി കാണാൻ കഴിയണം. അതായത്, ഓരോരുത്തരും അത് കാണുമാറാകണം. നിങ്ങളുടെ ഈ സൽമാതൃക തന്നെയാണ് മറ്റുള്ളവരെ നിങ്ങളിലേക്ക് അടുപ്പിക്കുന്നത്. ഇക്കാര്യം ലോകർക്ക് മനസ്സിലാക്കിക്കൊടുക്കാനും നിങ്ങൾക്ക് ഭാഗ്യമുണ്ടാകും. പരലോകം കെട്ടിപ്പടുക്കുന്നതിനും ഇഹലോകം സുഖകരമാക്കുന്നതിനും വേണ്ടി ഞങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള ഈ വഴിയിലേക്ക് നിങ്ങളും വരികയെന്ന് മറ്റുള്ളവരോട് പറയാനും കഴിയും. ഓരോ കുട്ടിയും വൃദ്ധനും പുരുഷനും സ്ത്രീയും ഞാൻ പറഞ്ഞ ഈ ഭാഗത്തേക്ക് പ്രത്യേകം ശ്രദ്ധിക്കുക. അതായത്, നമ്മൾ യഥാർത്ഥമായ നിലയിൽ അല്ലാഹുവിനെ ആരാധിക്കുകയും സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുകയും വേണ്ടതാണ്. നിങ്ങളിലോരോരുത്തരും ഈ മാറ്റം ഉണ്ടാക്കുന്നവരായിത്തീരുമ്പോൾ ജമാഅത്തിന്റെ പുരോഗതി ഈ മനോഹരമായ ചെറിയ സ്ഥലത്തും നിങ്ങൾക്ക് കാണാൻ കഴിയും. അതുകൊണ്ട് ഇപ്പോൾ മുതൽതന്നെ നിങ്ങളിൽ പരിവർത്തനമുണ്ടാക്കാൻ ശ്രമിക്കുക. ഈ ജൽസയുടെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) ജൽസ സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യം പറഞ്ഞിട്ടുള്ളതും ഓരോരുത്തരുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുക എന്നതാണ്. ഈ രണ്ട് ദിവസവും നിങ്ങൾ ദുആയിൽ മുഴുകുക. ഈ ദുആകളെല്ലാം നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിതീർക്കുക. ഇവിടെനിന്ന് നാട്ടിൽ തിരിച്ചെത്തിയാൽ ഇതൊന്നും മറക്കാൻ പാടില്ല. പലയാളുകൾ ഒരുമിച്ചുകൂടുന്ന സ്ഥലമാണിത്. ഇവിടെ സഹിക്കാനുള്ള കഴിവും നാം പ്രകടമാക്കേണ്ടതാണ്. മേലെക്കിടയിലുള്ളവരും താഴെക്കിടയിലുള്ളവരുമെല്ലാം ഉണ്ടാകും. പരസ്പരം സഹിക്കുകയും ക്ഷമിക്കുകയും ചെയ്താൽ എല്ലാ പ്രശ്നങ്ങളും ഒഴിവാക്കാവുന്നതാണ്. അല്ലാഹു നിങ്ങൾക്കെല്ലാം ഇതിന് തൗഫീഖ് നല്കട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 28.4.2006 at Fiji Islands

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala